കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -നഗരഗ്രാമാസൂത്രണ വകുപ്പ് - കാസർഗോഡ് ടൗൺ പ്ലാനിംഗ് ഓഫീസിലെ സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ആയിരുന്ന ശ്രീ. കെ.കെ. ധനഞ്ജയൻ സമർപ്പിച്ച പുന:പരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 1344/ 2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 29/03/2016

---

പരാമർശം : 1. നഗരഗ്രാമാസൂത്രകന്റെ 01.01.2010-ലെ എ 1/552/2001 നമ്പർ നടപടിക്രമം.

2. 20.07.2015-ൽ ശ്രീ. കെ.കെ. ധനഞ്ജയൻ സമർപ്പിച്ച പുന:പരിശോധനാ ഹർജി

3. ചീഫ് ടൗൺ പ്ലാനറുടെ 26.09.2015-ലെ എ 1/7203/15 നമ്പർ കത്ത്.

4. സർക്കാരിന്റെ 02.12.2015 -ലെ 288/ഇയു4/151 നമ്പർ കത്ത്.

5. 02.12.2015-ന് ശ്രീ. ധനഞ്ജയൽ സമർപ്പിച്ച അപ്പീൽ.

## ഉത്തരവ്

നഗരഗ്രാമാസൂത്രണ വകുപ്പിൽ സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ആയി ജോലി നോക്കിയിരുന്ന ശ്രീ. കെ.കെ. ധനഞ്ജയനെ മുഖ്യ നഗരാസൂത്രകന്റെ പരാമർശം ഒന്നിലെ നടപടിക്രമപ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്തിരുന്നു. പ്രസ്തുത നടപടിക്രമം പുന:പരിശോധിക്കണമെന്ന് പരാമർശം (2)-ലെ ഹർജി പ്രകാരം ശ്രീ. കെ.കെ. ധനഞ്ജയൻ സർക്കാരിനോടാവശ്യപ്പെട്ടിരിക്കുന്നു.

2. മുഖ്യനഗരാസൂത്രകൻ പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. കെ.കെ. ധനഞ്ജയന് 04.01.1995 മുതൽ അഞ്ച് വർഷത്തേയ്ക്ക് അനുവദിച്ച ശൂന്യവേതനാവധി 27.01.1999-ൽ സർക്കാർ റദ്ദാക്കിയ ശേഷവും ടിയാൾ ജോലിയിൽ തിരികെ പ്രവേശിക്കാത്ത സാഹചര്യത്തിലും അച്ചടക്ക നടപടി പൂർത്തീകരിച്ച് അഞ്ച് വർഷത്തിന് ശേഷം സമർപ്പിച്ച

പിരിച്ചു വിട്ടതിനെതിരെയുള്ള റിവ്യൂ പെറ്റീഷൻ ചട്ടപ്രകാരമല്ലാത്തതിനാലും ടിയാളുടെ റിവ്യു പെറ്റീഷൻ പരാമർശം (4)-ലെ കത്ത് പ്രകാരം നിരസിച്ചിരുന്നു. പരാമർശം (5) പ്രകാരം ടിയാനെ നേരിൽ കേൾക്കണമെന്നാവശ്യപ്പെട്ടതിനെ തുടർന്ന് 13.01.2016-ന് സർക്കാർ ടിയാനെ നേരിൽ കേട്ടു. നേരത്തെ പരിശോധിച്ച വിഷയങ്ങളിൽ കവിഞ്ഞ് പുതിയ വാദങ്ങൾ ഒന്നും ഉന്നയിച്ചിട്ടില്ലാത്തതിനാലും 01.01.2010 തീയതിയിൽ പിരിച്ച് വിട്ടുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ച ശേഷം ഇപ്പോൾ 5 വർഷങ്ങൾക്ക് ശേഷം സമർപ്പിച്ച പുന:പരിശോധന ഹർജി പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബിനു കുമാർ.വി
അണ്ടർ സെക്രട്ടറി

പകർപ്പ്

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം.
ശ്രീ. ശ്രീ. കെ.കെ. ധനഞ്ജയൻ, രജനി നിവാസ്, തങ്കയം പി.ഒ, തൃക്കരിപ്പൂർ, കാസർഗോഡ്.
അഡ്വ. ശ്രീ. ജി.കെ ഗോപകുമാർ, ജി.കെ ഗോപകുമാർ & അസ്സോസിയേറ്റ്സ്, ജാസ് കോംപ്ലക്സ്, സെക്കന്റ് ഫ്ലോർ, ഫയർ സ്റ്റേഷന് എതിർവശം, ഗുണ്ടർട്ട് റോഡ്, തലശ്ശേരി.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ